**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭ — മണ്ഡല മകരവിളക്ക് ഏകാദശി ഉത്സവത്തോടനുബന്ധിച്ച് ഡോക്ടർമാരെയും, സ്റ്റാഫ് നഴ്സ്/ജെ.പി.എച്ച്.എൻ ശുചീകരണ തൊഴിലാളികളെയും നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

===

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 441/2017/തസ്വഭവ      തിരുവനന്തപുരം, തീയതി : 16/02/2017

പരാമർശം : 1) 30/01/2016 ലെ സ.ഉ.(സാധാ) നം.397/2016/തസ്വഭവ.
2) 03/08/2016 ലെ സ.ഉ.(സാധാ) നം.2342/2016/തസ്വഭവ.
3) ഗുരുവായൂർ നഗരസഭാ ചെയർമാന്റെ 03/10/2016 ലെ എച്ച്/5901/16 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 11/01/2017 ലെ ഇ 2/23211/2015 നമ്പർ കത്ത്.

## ഉത്തരവ്

മണ്ഡല മകരവിളക്ക് ഏകാദശി ഉത്സവത്തോടനുബന്ധിച്ച് ഗുരുവായൂർ നഗരസഭയിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് നിലവിലുള്ള 51 സ്ഥിരം ശുചീകരണ തൊഴിലാളികൾക്കു പുറമെ 150 സി.എൽ.ആർ തൊഴിലാളികളെ 01/10/2016 മുതൽ 31/03/2017 വരെ ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 600 രൂപ നിരക്കിൽ നിയോഗിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫസ്റ്റ് എയ്ഡ് ബൂത്തിൽ 3 ഷിഫ്റ്റുകളിനായി 3 ഡോക്ടർമാരെയും 3 സ്റ്റാഫ് നഴ്സ്/ജെ.പി.എച്ച്.എൻ മാരെയും NRHM വഴിയോ എൻ.ആർ.എച്ച് എം norms അനുസരിച്ചുള്ള വേതനാടിസ്ഥാനത്തിൽ, ദിവസവേതനത്തിലോ നിയമിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം നഗരസഭാ ചെയർമാൻ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യം സംബന്ധിച്ച് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ ചെയർമാന്റെ കത്തും, നഗരകാര്യ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് ഗുരുവായൂർ നഗരസഭയിൽ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് നിലവിലുള്ള 51 സ്ഥിരം ശുചീകരണ തൊഴിലാളികൾക്കു പുറമെ 150 സി.എൽ.ആർ തൊഴിലാളികളെ 01/10/2016 മുതൽ 31/3/2017 വരെ പ്രതിദിനം 600 രൂപ നിരക്കിലും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫസ്റ്റ് എയ്ഡ് ബൂത്തിൽ 3 ഷിഫ്റ്റുകളിലായി

3 ഡോക്ടർമാരെയും 3 സ്റ്റാഫ് നഴ്സ്/ജെ.പി.എച്ച്.എൻ മാരെയും NRHM വഴിയോ എൻ.ആർ.എച്ച് എം norms അനുസരിച്ചുള്ള വേതനാടിസ്ഥാനത്തിൽ, ദിവസവേതനത്തിലോ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൽകലാം.എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
ചെയർമാൻ, ഗുരുവായൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ